# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.260 | 01/12/2014 ൽ മറുപടിക്ക് |
|---|---|

## മന്ത്രിമാർക്കും ഉന്നത ഉദ്യോഗസ്ഥർക്കും എതിരെയുള്ള അഴിമതി ആരോപണങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എ.കെ.ബാലൻ<br>ശ്രീ.രാജു എബ്രഹാം<br>ശ്രീ.വി.ചെന്താമരാക്ഷൻ<br>ശ്രീ.എസ്. ശർമ്മ | | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ മന്ത്രിമാർക്കും ഉന്നത ഉദ്യോഗസ്ഥന്മാർക്കും എതിരെ കോഴ ആരോപണങ്ങളും ആക്ഷേപങ്ങളും വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിലും അഴിമതി നിരോധനത്തിനായുള്ള വിജിലൻസ് സംവിധാനം കുത്തഴിഞ്ഞ നിലയിലായിരിക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഇത്തരത്തിൽ ഒരു ആക്ഷേപം ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ അഴിമതിയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ കാര്യക്ഷമമായും നിയമാനു സൃതമായും ആണ് പ്രവർത്തിക്കുന്നത്. |
| (ബി) | പ്രസ്തുത സാഹചര്യത്തിൽ കോഴ ആരോപണങ്ങൾ സംബന്ധിച്ച് സത്യസന്ധവും നിയമാനുസൃതവുമായ അന്വേഷണം ഉറപ്പാക്കാൻ എന്ത് നിലയിലുള്ള നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ; ഈ സർക്കാരിന്റെ കാലത്ത് ഭരണരംഗത്തുള്ളവർ-ക്കെതിരെ ഉന്നയിക്കപ്പെട്ട ആരോപണങ്ങളിലും വെളിപ്പെടുത്തലുകളിലും പ്രഥമദൃഷ്ട്യാ കുറ്റം പ്രകടമായിട്ടും എഫ്.ഐ.ആർ ഇടുന്നതിന് പോലും വിജിലൻസ് ഉദ്യോഗസ്ഥന്മാർ മനഃപൂർവ്വമായി വീഴ്ച വരുത്തിയതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | കോഴ സംബന്ധിച്ചുള്ള ആരോപണങ്ങൾ സത്യസന്ധമായും വസ്തുനിഷ്ഠമായും അന്വേഷിച്ച് അനന്തര നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. പ്രഥമ വിവര റിപ്പോർട്ട് രജിസ്റ്റർ ചെയ്ത് കേസ്സെടുക്കേണ്ട വസ്തുതകൾ ബോദ്ധ്യപ്പെട്ടാൽ ആയത് പ്രകാരവും നടപടി സ്വീകരിച്ചു വരുന്നുണ്ട്. ഇക്കാര്യത്തിൽ ഭരണകക്ഷി-യെന്നോ, പ്രതിപക്ഷമെന്നോ ഉള്ള കാര്യങ്ങൾ വിജിലൻസ് നോക്കാറില്ല; ആയത് വിജിലൻസ് ഉദ്യോഗസ്ഥർ പരിഗണിക്കാറില്ല. വസ്തുതകളുടേയും തെളിവുകളുടേയും അടിസ്ഥാനത്തിലാണ് വിജിലൻസ് നടപടി സ്വീകരിക്കുന്നത്. നിയമപരമായി വിജിലൻസ് അത്തരം നടപടികൾ എടുക്കുമ്പോൾ മറ്റു പരിഗണന കൾക്ക് യാതൊരു പ്രസക്തിയുമില്ല |
| (സി) | ശരിയായ വിധത്തിൽ അന്വേഷണം നടത്താതിരിക്കുന്ന സാഹചര്യത്തിൽ ജുഡീഷ്യറിയുടെ ഇടപെടൽ ഉണ്ടായിട്ടുണ്ടോ ; ബാർകോഴക്കേസിൽ ഹൈക്കോടതി ആവശ്യപ്പെട്ട വസ്തുതകൾ യഥാസമയം കോടതിയെ അറിയിച്ചിട്ടുണ്ടോ ; | (സി) | വിജിലൻസ് അന്വേഷണം നടത്താതിരിക്കുന്ന എന്ന രീതിയിലുള്ള പരാതിയുമായി ആർക്കും കോടതിയെ സമീപിക്കാനുള്ള അവകാശമുണ്ട്. വിജിലൻസ് തങ്ങൾക്ക് ലഭിക്കുന്ന പരാതികളിൽ നിയമപരമായ നടപടി സ്വീകരിക്കാറുണ്ട്. ബാർ കോഴ കേസ്സിൽ ബഹുമാനപ്പെട്ട ഹൈക്കോടതി ആവശ്യപ്പെട്ട വസ്തുതകൾ യഥാസമയം കോടതിയെ അറിയിച്ചിട്ടുണ്ട്. |
| (ഡി) | സ്വാഭാവിക നീതിന്യായ പ്രക്രിയയെ ദുർബലപ്പെടുത്താനുള്ള നീക്കങ്ങൾ | (ഡി) | സ്വാഭാവിക നീതിന്യായ പ്രക്രിയയെ ദുർബലപ്പെടുത്തുന്ന ഒരു പ്രവൃത്തിയും നടന്നിട്ടില്ല |

| | | | |
|---|---|---|---|
| | അവസാനിപ്പിക്കാൻ തയ്യാറാകുമോ ; | | |
| (ഇ) | ക്വാറി ഉടമയിൽ നിന്ന് കൈക്കൂലി വാങ്ങിയെന്ന ആരോപണത്തിന് വിധേയനായ സൂപ്രണ്ട് ഓഫ് പോലീസ് രാഹുൽ.ആർ.നായർ, എ.ഡി.ജി.പി., ഐ.ജി റാങ്കുകളിൽ പ്രവർത്തിക്കുന്ന രണ്ട് ഉന്നത ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് ഡയറക്ടർക്ക് മൊഴി നൽകിയതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ഇ) യും (എഫ്) ഉം | മുൻ പത്തനംതിട്ട ജില്ലാ പോലീസ് മേധാവി ശ്രീ.രാഹുൽ.ആർ.നായർ, തിരുവനന്തപുരം പോലീസ് ഇൻസ്പെക്ടർ ജനറൽ ശ്രീ.മനോജ് എബ്രഹാം ഐ.പി.എസ് അഡീഷണൽ പോലീസ് ഡയറക്ടർ ജനറൽ ശ്രീമതി.ശ്രീലേഖ.ഐ.പി.എസ് എന്നിവരുടെ മൊഴികൾ ശ്രീ.രാഹുൽ.ആർ. നായർക്കെതിരെ ഉയർന്ന ആരോപണവുമായി ബന്ധപ്പെട്ട് അന്വേഷണ ഉദ്യോഗസ്ഥൻ രേഖപ്പെടുത്തിയിട്ടുണ്ട്. ടി. മൊഴികളുടേയും മറ്റു സാക്ഷിമൊഴികൾ, ബന്ധപ്പെട്ടരേഖകൾ എന്നിവയുടേയും അടിസ്ഥാനത്തിലാണ് അന്വേഷണ റിപ്പോർട്ട് സർക്കാരിന് നൽകിയത്. പ്രസ്തുത റിപ്പോർട്ടിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ശ്രീ.രാഹുൽ.ആർ.നായർ, ഐ.പി.എസ്- നെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്. അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ.രാഹുൽ.ആർ.നായർക്കെതിരെ വി.സി.5/14-എസ്.ഐ.യു.-I നമ്പരായി ഒരു വിജിലൻസ് കേസ് 17/11/2014 - ൽ രജിസ്റ്റർ ചെയ്ത് അന്വേഷിച്ചുവരുന്നു. |
| (എഫ്) | ശ്രീ.രാഹുൽ ആർ.നായർക്കെതിരെ ക്വാറി ഉടമ നൽകിയ മൊഴിയുടെയും ശ്രീ.രാഹുൽ ആർ.നായർ ഉന്നത ഉദ്യോഗസ്ഥന്മാർക്ക് എതിരെ നൽകിയ മൊഴിയുടേയും അടിസ്ഥാനത്തിൽ സ്വീകരിക്കപ്പെട്ട നടപടികൾ വിശദമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ